**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് -കോട്ടയം ജില്ല -മീനച്ചിൽ ഗ്രാമ പഞ്ചായത്ത് - ഉരുൾപൊട്ടലിൽ മരണമടഞ്ഞ ശ്രീ.ജോബി മാത്യുവിന്റെ കുടുംബത്തിന് ധനസഹായം -യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.2571/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/10/2018**

---

പരാമർശം:- 1.കോട്ടയം ജില്ല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 7.92018ലെ ഡിഎം/ജി4-8277/18 നമ്പർ കത്ത്.

2.കോട്ടയം ജില്ല ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ സെക്രട്ടറിയുടെ 12.9.2018ലെ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ജോബി മാത്യു (33) 15/08/2018 ൽ തീക്കോയി ഗ്രാമപഞ്ചായത്തിൽ വച്ചുണ്ടായ ഉരുൾപൊട്ടലിൽപ്പെട്ട് മരണമടയുകയും ഗ്രാമ പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് ജോലി മാത്രമാണ് ടി കുടുബത്തിന്റെ വരുമാനമാർഗ്ഗമെന്നും നിലവിൽ ടിയാന്റെ കുടുംബത്തിൽ മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നുമില്ലാത്തതിനാൽ ടിയാന്റെ ഭാര്യ ശ്രീമതി പ്രിയ ഫിലിപ്പിന് സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം അനുവദിയ്ക്കണമെന്ന മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം കോട്ടയം ജില്ല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു. ശ്രീമതി.പ്രിയ ഫിലിപ്പിന് കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും 25,000/- രൂപ (ഇരുപത്തി അയ്യായിരം) വീതം ധനസഹായം നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് കോട്ടയം ജില്ല ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ സെക്രട്ടറി പരാമർശം (2) പ്രകാരവും അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 15/08/2018 ൽ തീക്കോയി ഗ്രാമപഞ്ചായത്തിൽ വച്ചുണ്ടായ ഉരുൾപൊട്ടലിൽപ്പെട്ട് മരണമടഞ്ഞ ശ്രീ.ജോബി മാത്യുവിന്റെ ഭാര്യ ശ്രീമതി പ്രിയ ഫിലിപ്പ്, കണിയാംപടിക്കൽ,പിണ്ണാക്കനാട് എന്നയാൾക്ക് കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും 25,000/- രൂപ (ഇരുപത്തി അയ്യായിരം) വീതം ധനസഹായം നൽകുന്നതിനു യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം ഇതു സംബന്ധിച്ച നടപടി സ്വീകരിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

സെക്രട്ടറി,ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ ,കോട്ടയം

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം മുഖാന്തരം)

ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ